## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം -ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ.സി.ടി.സാഗർ, ഡ്രൈവർ, ഫയൽ ചെയ്ത ഒ.എ.നം. 2058/17 നമ്പർ കേസിന്റെ 10/11/2017- ലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നമ്പർ.225/2018/തസ്വഭവ, തിരുവനന്തപുരം, തീയതി: 23/01/2018

---

പരാമർശം :

1. 20/07/2002-ലെ സ.ഉ (സാധാ) നം.1980/2002/തസ്വഭവ.
2. ശ്രീ.സി.ടി.സാഗർ സമർപ്പിച്ച 12/09/2013 ലെ നിവേദനം.
3. 10/12/2014 ലെ സ.ഉ (സാധാ) നം.368/2014/തസ്വഭവ
4. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ നം.2058/16 നമ്പർ കേസിന്റെ 10/11/2017 ലെ വിധിന്യായം.
5. ഗ്രാമവികസന കമ്മീഷണറുടെ 26/05/2017, 16/12/2017 എന്നീ തീയതികളിലെ 10788/എസി & എഡി2/16/സിആർഡി നമ്പർ കത്തുകൾ.

## ഉത്തരവ്

ഗ്രാമവികസന വകുപ്പിന് കീഴിലുണ്ടായിരുന്ന പാഡ് ( കെ ) -പീപ്പിൾസ് ആക്ഷൻ ഫോർ ഡെവലപ്പ്മെന്റ് (കേരളാ)എന്ന സ്ഥാപനത്തിൽ ശ്രീ.സി.ടി.സാഗറിനെ 11/04/2001-ലെ ഉത്തരവ് നം.182/2001/PAD(K) പ്രകാരം ഡ്രൈവർ തസ്തികയിൽ പാഡ്(കെ) മെമ്പർ സെക്രട്ടറി നിയമിച്ചിരുന്നു. ടി നിയമനത്തിന് പാഡ് (കെ) യുടെ ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരമുണ്ടായിരുന്നില്ല എന്നതിനാലും അത് ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന്റേയും 16-ന്റേയും ലംഘനമായതിനാലും ടിയാന്റെ നിയമനം റദ്ദാക്കിക്കൊണ്ടും സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു കൊണ്ടും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 22/07/2002-ൽ ടിയാനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു.

ഇതിനെതിരെ ശ്രീ.സി.ടി.സാഗർ ബഹു ഹൈക്കോടതിയിൽ O.P 21012/2002 നമ്പർ കേസ് ഫയൽ ചെയ്തു. ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്തിമവിധിക്ക് വിധേയമായി ടിയാനെ 27/10/2006 ൽ പാഡ് (കെ) യിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു. 13/10/2009 ലെ സ .ഉ (കൈ) നം.193/2009/തസ്വഭവ പ്രകാരം പാഡ്(കെ) നിർത്തലാക്കുകയും സ്ഥാപനത്തിലെ ജീവനക്കാരെ ഗ്രാമ വികസന വകുപ്പിൽ പുനർ വിന്യസിക്കുകയും ചെയ്തു. ടി ജീവനക്കാരെ ഗ്രാമ വികസന വകുപ്പിൽ നിയമിച്ച നടപടിക്ക് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ സാധൂകരണം നൽകാഞ്ഞതിനാൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് ടി ജീവനക്കാർ ഗ്രാമവികസന വകുപ്പിൽ ചേർന്ന തീയതി മുതൽ സ്ഥിരപ്പെടുത്തി 12/09/2013 ലെ സ.ഉ.(കൈ) നമ്പർ 306/2013 തസ്വഭവ പ്രകാരം

സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 27/10/2006-ൽ വീണ്ടും നിയമനം ലഭിച്ചതിനെ തുടർന്ന് 22/07/2002 മുതൽ 26/10/2006 വരെയുള്ള കാലത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് ശ്രീ.സി.ടി.സാഗർ ഫയൽ ചെയ്ത ഒ.എ.2102/2013 നമ്പർ കേസിന്റെ 31/10/2013 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ വീണ്ടും പരിശോധിക്കുകയും ടിയാന്റെ ആവശ്യം നിരസിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ടി സർക്കാർ ഉത്തരവിനെതിരെ ശ്രീ.സി.ടി.സാഗർ വീണ്ടും ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ.നം.2058/2014 നമ്പർ കേസ് ഫയൽ ചെയ്തു. ഒ.എ.നം2058/2014 നമ്പർ കേസിന്റെ പരാമർശം (4)-ലെ അന്തിമ ഉത്തരവിൽ പരാമർശം (3)-ലെ സർക്കാർ ഉത്തരവ് റദ്ദാക്കുകയും ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് വിധിന്യായത്തിന്റെ പകർപ്പ് കൈപ്പറ്റി മൂന്ന് മാസത്തിനകം ശ്രീ.സി.ടി.സാഗർ സർക്കാരിൽ സമർപ്പിച്ച പരാമർശം (2)-ലെ നിവേദനം (അനുബന്ധം A7) പരിശോധിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഉത്തരവാകുകയും ചെയ്തു.

സർവീസിൽ നിന്നും മാറ്റിനിർത്തപ്പെട്ട 22/07/2002 മുതൽ 26/10/2007 വരെയുള്ള കാലയളവിലെ സർവീസ് ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചു. പാഡ്(കെ) മെമ്പർ സെക്രട്ടറിയുടെ 11.04.2001 ലെ 182/2001/PAD(K) നമ്പർ ഉത്തരവ് പ്രകാരമാണ് ശ്രീ.സി.റ്റി.സാഗറിനെ നിലവിലുള്ള ഒഴിവിൽ ഡ്രൈവറായി പാഡ്(ക െ)യിൽ നിയമിച്ചത്. പാഡ്(കെ) ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിനു വിധേയമായാണ് പ്രസ്തുത നിയമനം. എന്നാൽ ടി നിയമനം പാഡ്(കെ) ബൈലോയ്ക്ക് വിരുദ്ധവും നിയമസാധുതയില്ലാത്തതുമാണെന്ന് ചൂണ്ടിക്കാട്ടി 20.07.2002 ലെ സ.ഉ.(ആർ.റ്റി) 1980/2002/തസ്വഭവ, നമ്പർ ഉത്തരവ് പ്രകാരം റദ്ദാക്കുകയായിരുന്നു. ടിയാന്റെ നിയമനത്തിനു ശേഷം പാഡ്(കെ) ഗവേണിംഗ് ബോഡി യോഗം ചേരുന്നത് 22.06.2004 നു മാത്രമാണ്. പ്രസ്തുത ഗവേണിംഗ് ബോഡി ശ്രീ.സാഗറിനെ നിയമിച്ച നടപടി സാധൂകരിച്ചിട്ടുണ്ട്. ശ്രീ.സാഗറിന്റെ Work and Conduct തൃപ്തികരമാണെന്നും കാഷ്വൽ ലീവല്ലാതെ മറ്റൊരവധിയും എടുത്തിട്ടില്ലാത്തതിനാൽ 15/04/2002 AN വച്ച് ടിയാന്റെ പ്രൊബേഷൻ കാലാവധി തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

സേവനത്തിൽ നിന്നും പിരിച്ചുവിട്ട നടപടിക്കെതിരെ ശ്രീ.സാഗർ നേടിയ കോടതി വിധി പ്രകാരം ടിയാനെ 27.10.2006 മുതൽ പാഡ്(കെ) യിൽ തിരികെ ഡ്രൈവർ തസ്തികയിൽ പുനഃപ്രവേശിപ്പിക്കുവാനും 16.04.2001 മുതൽ ടിയാൻ സർവ്വീസിലുണ്ടായിരുന്നതായി കണക്കാക്കണമെന്നും പാഡ്(കെ) തീരുമാനിച്ചിട്ടുണ്ട്. പിന്നീട് പാഡ്(കെ) നിർത്തലാക്കുകയും ജീവനക്കാരെ ഗ്രാമവികസന വകുപ്പിലേക്ക് സംയോജിപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് 25.03.2010 ലെ 7751/AC&Ad2/2010/CRD നമ്പർ നടപടിക്രമമനുസരിച്ച് ശ്രീ.സി.ടി.സാഗർ സർവ്വീസിന് വെളിയിൽ നിന്ന കാലയളവും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത കാലയളവും ചേർത്ത് 22.07.2002 മുതൽ 26.10.2007 വരെയുള്ള സേവനകാലം ക്രമവൽക്കരിക്കുകയും പ്രസ്തുത കാലയളവിൽ എല്ലാ സേവനാനുകൂല്യങ്ങളും പാഡ്(കെ) ഫണ്ടിൽ നിന്ന് നൽകുവാനും ഉത്തരവായിട്ടുണ്ട്.

പാഡ്(കെ) ബൈലാ പ്രകാരം നിയമനാധികാരി ചെയർമാൻ (തസ്വഭവ വകുപ്പ് മന്ത്രി) ആണെന്നിരിക്കെ ശ്രീ.സാഗറിന്റെ നിയമനം സാധൂകരിക്കുന്നതിന് പാഡ്(കെ) ഗവേണിംഗ് ബോഡി യഥാസമയം കൂടാതിരുന്നതോ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നു എന്നു പറയുന്നതോ ടിയാന്റെ ഭാഗത്തെ

പിഴവുകളല്ല. 23.03.2004 -ൽ കോടതി നിർദ്ദേശത്തെത്തുടർന്ന് ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചെങ്കിലും അത് ദിവസവേതനാടിസ്ഥാനത്തിലായിരുന്നു. ശ്രീ.സാഗറിനൊപ്പം നിയമനം ലഭിച്ച പാഡ്(കെ) യിൽ നിന്നും ഗ്രാമവികസന വകുപ്പിൽ പുനർവിന്യസിക്കപ്പെട്ട മറ്റ് നാലു പേർക്കും സ്ഥിരം ജീവനക്കാർക്ക് ലഭിക്കേണ്ട എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ട്.

ശ്രീ.സി.ടി സാഗറിന് 22/03/2004 മുതൽ 26/10/2006 വരെ ദിവസവേതനമായി 96,230/- (തൊണ്ണൂറ്റാറായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ) രൂപ അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ ടിയാന് പ്രസ്തുത കാലയളവിൽ തുടർ സർവ്വീസിലായിരുന്നുവെങ്കിൽ ശമ്പള ഇനത്തിൽ 3,01,479/- (മൂന്ന് ലക്ഷത്തി ആയിരത്തി നാന്നൂറ്റി എഴുപത്തിയൊമ്പത് രൂപ) രൂപയാണ് അനുവദിക്കേണ്ടിയിരുന്നത് എന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ ടിയാന് അനുവദിച്ചിട്ടുള്ള 96,230/- രൂപ കുറച്ച് (3,01,479-96,230) 2,05,249/- (രണ്ട് ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ്റി നാല്പത്തിയൊമ്പത് രൂപ) രൂപയാണ് ടിയാന് സർവ്വീസിൽ ടി കാലയളവിൽ തുടർന്നിരുന്നുവെങ്കിൽ നൽകേണ്ടിയിരുന്നതെന്ന് പരാമർശം (5)-ലെ 16/12/2017-ലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

മേൽ സാഹചര്യത്തിൽ പാഡ് (കെ) യിൽ നിന്നും പിരിച്ചു വിടുകയും തുടർന്ന് കോടതിയുത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ പുനർനിയമിക്കപ്പെടുകയും പിന്നീട് ഗ്രാമവികസന വകുപ്പിലേയ്ക്ക് പുനർവിന്യസിപ്പിക്കപ്പെടുകയും ചെയ്ത ശ്രീ.സി.ടി.സാഗർ സർവ്വീസിൽ നിന്ന് മാറ്റി നിർത്തപ്പെട്ട 22/07/2002 മുതൽ 26/10/2006 വരെയുള്ള കാലയളവ് ക്രമവത്ക്കരിക്കുന്നതിനും ടി കാലയളവിൽ തുടർന്നിരുന്നുവെങ്കിൽ ടിയാന് നൽകേണ്ടിയിരുന്ന 2,05,249/- (രണ്ട് ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ്റി നാല്പത്തിയൊമ്പത് രൂപ) രൂപ പാഡ് (കെ)-യുടെ അക്കൗണ്ടിൽ പ്രത്യേകമായി നീക്കിവെച്ചിട്ടുള്ള ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (1) ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.എസ്.ആർ**

**ഡെപ്യൂട്ടി സെക്രട്ടറി**

1) ശ്രീ.സി.ടി.സാഗർ, ഡ്രൈവർ, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
4) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & newmedia)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ